# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 67
28-01-2019-ലെ മറുപടിയ്ക്ക്

**പ്രളയക്കെടുതിക്ക് ലഭിച്ച സഹായം**

| ചോദ്യം<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ. പി.ജെ.ജോസഫ്<br>ശ്രീ. മോൻസ് ജോസഫ്<br>ഡോ. എൻ ജയരാജ് | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| എ) സംസ്ഥാനത്തുണ്ടായ പ്രളയക്കെടുതി മൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ജനങ്ങൾക്ക് സഹായം നൽകുന്നതിന് വിദേശരാജ്യങ്ങളിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് വിദേശരാജ്യങ്ങളിൽ നിന്ന് സഹായം ലഭിച്ചിട്ടില്ല. |
| ബി) ഇന്ത്യയിലെ മറ്റ് സംസ്ഥാന സർക്കാരുകളിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ലഭിച്ചിട്ടുണ്ട്.പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മറ്റ് സംസ്ഥാന സർക്കാരുകളിൽ നിന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ച സഹായധനം താഴെ പറയും പ്രകാരമാണ്. |

| ക്രമ നം. | സംസ്ഥാനങ്ങളുടെ പേര് | തുക |
|---|---|---|
| 1 | നാഗാലാന്റ് | 10000000 |
| 2 | മിസോറാം | 20000000 |
| 3 | ഒറീസ്സ | 100000000 |
| 4 | ഹിമാചൽപ്രദേശ് | 50000000 |
| 5 | ഗുജറാത്ത് | 100000000 |

<table>
<tr><td></td><td>
<table>
<tr><td>6</td><td>പശ്ചിമ ബംഗാൾ</td><td>100000000</td></tr>
<tr><td>7</td><td>ജമ്മു കാശ്മീർ</td><td>130000000</td></tr>
<tr><td>8</td><td>ഉത്തർപ്രദേശ്</td><td>150000000</td></tr>
<tr><td>9</td><td>ആന്ധ്രാ പ്രദേശ്</td><td>200000000</td></tr>
<tr><td>10</td><td>തെലുങ്കാന</td><td>250000000</td></tr>
<tr><td></td><td>ആകെ</td><td>1110000000</td></tr>
</table>
</td></tr>
<tr><td>സി)മറ്റ് സംസ്ഥാനങ്ങളിൽ നിന്നും സർക്കാർ ഇതര സഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;</td><td rowspan="2">പ്രളയദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നമ്മുടെ സംസ്ഥാനത്തിനകത്ത് നിന്നും മറ്റ് സംസ്ഥാന സർക്കാരുകളിൽ നിന്നും വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സംഭാവനയായി 22.01.2019 വരെ ആകെ 3229.25 കോടി രൂപ ലഭ്യമായിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ലഭിച്ച സർക്കാർ ഇതര സംഭാവനകൾ പ്രത്യേകമായി ക്രോഡീകരിച്ചിട്ടില്ല.</td></tr>
<tr><td>ഡി)കേരള സംസ്ഥാനത്ത് നിന്നും ഇക്കാര്യത്തിൽ ലഭിച്ച സഹായത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;</td></tr>
<tr><td>ഇ) ജനങ്ങൾക്ക് പ്രളയക്കെടുതി മൂലമുണ്ടായ നഷ്ടങ്ങൾ പരിഹരിക്കുന്നതിന് ഇതുവരെ നൽകിയ സഹായങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?</td><td>പ്രളയദുരന്തവുമായി ബന്ധപ്പെട്ട് 34,15,937 പേരെ 12,253 ക്യാമ്പുകളിലായി 29.05.2018 മുതൽ 31.08.2018 വരെ വിവിധ ദിവസങ്ങളിലും സ്ഥലങ്ങളിലുമായി താമസിപ്പിച്ചു പ്രളയബാധിതരായ കുടുംബങ്ങൾക്ക് അവശ്യസാധനങ്ങളടങ്ങുന്ന 7 ലക്ഷത്തിൽ അധികം കിറ്റുകൾ വിതരണം ചെയ്തു. സംസ്ഥാനത്തെ മുഴുവൻ തോട്ടം തൊഴിലാളികൾക്കും സൗജന്യറേഷൻ ലഭ്യമാക്കി. പ്രളയബാധിത മേഖലയിലെ ദുർബലവിഭാഗങ്ങൾക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കും 500 രൂപ വിലവരുന്ന ഭക്ഷ്യധാന്യങ്ങൾ ഉൾക്കൊള്ളുന്ന 3,26,048 ൽ അധികം കിറ്റുകൾ വിതരണം ചെയ്തു. ഇതിനായി 16.3 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രളയകെടുതിയിൽ രേഖകൾ നഷ്ടപ്പെട്ടവർക്ക് പുതിയ രേഖകൾ നൽകി. ഇതിന് യാതൊരുവിധ ഫീസും ഈടാക്കുവാൻ പാടുള്ളതല്ല എന്ന് നിർദ്ദേശം നൽകി. സംസ്ഥാനദുരന്തപ്രതികരണ നിധിയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയും ഉപയോഗിച്ച് 6,85,184 കുടുംബങ്ങൾക്ക് 10,000 രൂപയുടെ അടിയന്തിര സഹായം ബാങ്ക് മുഖാന്തിരം 27.11.2018 വരെ നൽകിയിട്ടുണ്ട്. പ്രളയാഘാതത്താൽ മാനസിക പ്രശ്നങ്ങൾ നേരിട്ട 83,028 വ്യക്തികളെ കണ്ടെത്തി ആവശ്യമായ സഹായം ലഭ്യമാക്കി. പ്രളയബാധിത പ്രദേശങ്ങളിലാകെ ശുചീകരണപ്രവർത്തനങ്ങൾ നടത്തി. ഇതിലേക്കായി പഞ്ചായത്ത് വാർഡിന് 25,000 രൂപയും മുൻസിപ്പാലിറ്റി/കോർപ്പറേഷൻ വാർഡിന് 50,000 രൂപയും അനുവദിച്ചു. ജൈവികമായി ജീർണ്ണിക്കാത്ത മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ക്ലീൻകേരള കമ്പനിയെ ചുമതലപ്പെടുത്തി അവർക്ക് 25 ലക്ഷം രൂപ നൽകി. RKLS (Resurgent Kerala Loan</td></tr>
</table>

| | |
|---|---|
| | Scheme) എന്ന സാമ്പത്തിക പദ്ധതി രൂപീകരിച്ച് 1 ലക്ഷം രൂപ വരെ വായ്പ നൽകുവാൻ നടപടികൾ സ്വീകരിക്കാൻ കുടുംബശ്രീയെ ചുമതല ഏൽപ്പിക്കുകയും ഇതിന്റെ പലിശ(9%) ദുരിതാശ്വാസനിധിയിൽ നിന്ന് നൽകാനും തീരുമാനിച്ചു. വൈദ്യുതി വിച്ഛേദിക്കപ്പെട്ട 25.57 ലക്ഷം കെട്ടിടങ്ങളിലേക്കുള്ള വൈദ്യുതി ബന്ധം പുനർസ്ഥാപിച്ചു നൽകി. 2.36 ലക്ഷം ദുരന്തബാധിതരായ കർഷകർക്കായി ഇതുവരെ 65 കോടി രൂപയുടെ ധനസഹായം സംസ്ഥാനദുരന്തപ്രതികരണ നിധിയിൽ നിന്നും വിതരണം ചെയ്തു. കൃഷിയിടങ്ങളിലെ ചെളിയും എക്കലും മാറ്റുവാൻ കൃഷിവകുപ്പിന് 8.4 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ച് കർഷകർക്ക് നൽകിവരുന്നു. 23.12.2018 വരെ 1,501.3 കോടി രൂപ വിവിധ ഹെഡുകളിൽ അനുവദിച്ചിട്ടുണ്ട്. ഇതിൽ 898.01 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ചിലവഴിച്ചിട്ടുണ്ട്. പ്രളയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 22/01/2018 വരെ മൊത്തം **1372,00,27,652** രൂപ (1372 കോടി രൂപ) അനുവദിച്ചിട്ടുണ്ട്. ഈ തുകയിൽ അടിയന്തിര ധനസഹായമായി 7,37,475 എണ്ണം കുടുംബങ്ങൾക്ക് **502,21,55,252** രൂപയും (502.21 കോടി രൂപ) ചികിത്സ ധനസഹായമായി ഒരാൾക്ക് **7 ലക്ഷം** രൂപയും നാശനഷ്ടം സംഭവിച്ച വീടുകൾക്കുള്ള നഷ്ടപരിഹാരമായി 2,47,883 എണ്ണം കുടുംബങ്ങൾക്ക് **869,71,72,400** രൂപയും (**869.79** കോടി രൂപ) സഹകരണ വകുപ്പിന്റെ മേൽ നോട്ടത്തിൽ പുതിയ വീടുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയായ കെയർഹോം പ്രോജക്റ്റ് നായി **44,92,12,052** രൂപയും (44.92 കോടി രൂപ) ഉൾപ്പെടുന്നു. |

**സെക്ഷൻ ഓഫീസർ**